എറണാകുളത്തെ രണ്ടു പ്രാവശ്യം വീതം പ്രതിനിധീകരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. പാർലമെന്റിൽ ശാസ്ത്ര-സാങ്കേതിക-പരിസ്ഥിതി- വനം സംബന്ധിച്ച സമിതിയിലും വിനോദസഞ്ചാരം സംബന്ധിച്ച സമിതിയിലും അംഗമായിരുന്നു. ഉത്തരവാദിത്വബോധമുള്ള പാർലമെന്റേറിയനായിരിക്കുമ്പോഴും സാധാരണ പ്രവർത്തകരുമായി സമഭാവനയോടെ പെരുമാറാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. തനിക്ക് ഉത്തമ ബോധ്യമുള്ള കാര്യങ്ങൾ തുറന്നു പറയാൻ ഒരു മടിയുമുണ്ടായിരുന്നില്ല. ഗൗരവമുള്ള വിഷയങ്ങളിൽപ്പോലും ഔചിത്യബോധത്തോടെ ഒരല്പം നർമ്മം കലർത്തിക്കൊണ്ടുള്ള ആ പ്രഭാഷണ കല ശ്രോതാക്കളുടെ അഭിനന്ദനം നേടിയിരുന്നു. കക്ഷി രാഷ്ട്രീയങ്ങളുടെ അതിർവരമ്പുകൾ ഭേദിച്ചുകൊണ്ടുള്ള ആ നിഷ്കളങ്ക സൗഹൃദം പങ്കിടാത്ത പൊതു പ്രവർത്തകർ വിരളമാണെന്ന് ഈഡന് അന്തിമോപചാരം അർപ്പിക്കാൻ എത്തിയ വൻ ജനാവലി തെളിയിച്ചു. അധികാര രാഷ്ട്രീയത്തിന്റെ പ്രലോഭനങ്ങൾക്കൊന്നും കീഴടക്കാനാകാത്ത ഒരു നേതാവായിരുന്നു. ജോർജ് ഈഡന്റെ അകാല നിര്യാണം ജനാധിപത്യ പ്രസ്ഥാനങ്ങൾക്ക് താങ്ങാനാകാത്ത ആഘാതമാണ് ഏൽപ്പിച്ചിരിക്കുന്നത്. അന്തരിച്ച ഈ മഹത്വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റു നിൽക്കാം.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റു നിന്ന് മൗനം ആചരിച്ചു.)

III ശ്രദ്ധ ക്ഷണിക്കൽ

(1) തോട്ടം തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രയാസങ്ങൾ

ശ്രീ. കെ.കെ. ജയചന്ദ്രൻ : സർ, കേരളത്തിലെ തോട്ടം മേഖല അഭിമുഖീകരിക്കുന്ന അതീവ ഗൗരവമായ പ്രശ്നം സഭയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനാണ് ഞാൻ ഉദ്ദേശിക്കുന്നത്. കേന്ദ്രസർക്കാരിന്റെ ഉദാരവൽക്കരണ നയങ്ങൾ കേരളത്തിലെ തോട്ടം മേഖലയെ പ്രതിസന്ധിയിലാക്കുകയും വൻകിട തോട്ടങ്ങൾക്കും കയറ്റുമതിക്കാർക്കും വലിയ നേട്ടം ഉണ്ടാക്കുകയുമാണ് ചെയ്തിരിക്കുന്നത്. റബ്ബറിന്റെ 90 ശതമാനവും ഏലത്തിന്റെ 70 ശതമാനവും തേയിലയുടെ 80 ശതമാനവും കേരളമാണ് ഉൽപ്പാദിപ്പിക്കുന്നത്. തേയില, ഏലം, കാപ്പി തുടങ്ങിയ തോട്ടങ്ങളെ ആശ്രയിച്ചാണ് കേരളത്തിലെ 17 ശതമാനത്തോളം ജനങ്ങൾ ഉപജീവനമാർഗ്ഗം കഴിക്കുന്നത്. കഴിഞ്ഞ വർഷം ഈ സമയത്ത് ഒരു കിലോ ഏലത്തിന്റെ വില 800 രൂപയായിരുന്നത് ഇപ്പോൾ 300 രൂപയായി കുറഞ്ഞിരിക്കുകയാണ്. ഇൻഡ്യയിലെ കയറ്റുമതിക്കാരും ലേലം കൊള്ളുന്നവരും തമ്മിലുള്ള ഒത്തുകളിയുടെ ഭാഗമായിട്ടാണ് ഇവിടെ കൊള്ളയടിച്ചു കൊണ്ടിരിക്കുന്നത്. തേയിലയുടെ സ്ഥിതി അതിലും ഗൗരവമുള്ളതാണ്. തേയിലയുടെ പ്രതിസന്ധിക്കു കാരണം തൊഴിലാളികളാണെന്നാണ് തോട്ടം ഉടമകൾ വാദിക്കുന്നത്. ഒരു ദിവസത്തെ കൂലിക്ക് സ്റ്റാന്റേർഡ് ഔട്ട്പുട്ട് രണ്ട് കിലോ വർദ്ധിപ്പിക്കാനും 2002 ഏപ്രിൽ, ജൂൺ മാസത്തെ ക്ഷാമബത്ത മരവിപ്പിക്കാനും തോട്ടം ഉടമകൾ തീരുമാനിച്ചു. അദ്ധ്വാന ഭാരം 25 ശതമാനം വർദ്ധിപ്പിക്കണമെന്നും അടിസ്ഥാന കൂലി 10 രൂപ കണ്ട് കുറയ്ക്കണമെന്നും

LIBRARY ARCHIVES Kerala Legislative Assembly

മുതലാളിമാരുടെ അസോസിയേഷൻ ആവശ്യപ്പെടുകയാണ്. ഈ വ്യവസായത്തിലെ പ്രതിസന്ധി അതുകൊണ്ട് പരിഹരിക്കാൻ കഴിയുന്നതല്ല എന്നുള്ളതാണ് വാസ്തവം. കാരണം പ്രതിസന്ധി രൂക്ഷമായി ബാധിച്ചിരിക്കുന്നത് കേരളത്തിലെ പാലക്കാട്, തിരുവനന്തപുരം, വയനാട്, ഇടുക്കി ജില്ലകളിലാണ്. ഏതാണ്ട് 23,000 തൊഴിലാളികൾ പണിയെടുക്കുന്ന തോട്ടങ്ങൾ ഇതിനോടകം പൂട്ടിക്കഴിഞ്ഞിട്ടുണ്ട്. അതിൽ 19 തോട്ടങ്ങളും ഇടുക്കി ജില്ലയിലെ പീരുമേടിലാണ്. പല കാരണങ്ങൾകൊണ്ട് ആളുകൾ ആത്മഹത്യ ചെയ്തിട്ടുണ്ട്. സമയത്തിന് മരുന്ന് ലഭിക്കാത്തതിനെത്തുടർന്ന് മരണമടഞ്ഞ സംഭവങ്ങളുണ്ട്. ഏതാണ് 18 തൊഴിലാളികൾ ഈ കാലഘട്ടത്തിൽ മരണമടയുവാൻ ഇടയായിട്ടുണ്ട്. ഗ്രാറ്റുവിറ്റിയും മറ്റ് ആനുകൂല്യങ്ങളുമായി 110 കോടിയിലധികം രൂപ തോട്ടം ഉടമകൾ തൊഴിലാളികൾക്ക് കൊടുക്കാനുണ്ട്. ആഭ്യന്തര വിപണിയിൽ തേയിലയുടെ വില ഇടിഞ്ഞിട്ടില്ല എന്നുള്ളതാണ് സത്യം. എ ക്വാളിറ്റി തേയിലയ്ക്ക് ആഭ്യന്തര മാർക്കറ്റിൽ 100 രൂപ, 120 രൂപ, 160 രൂപ നിരക്കിലാണ് വിലയുള്ളത് പ്രതിവർഷം 18 കോടി കിലോഗ്രാം തേയില നമ്മൾ കയറ്റി അയക്കുന്നതുവഴി 1,847 കോടി രൂപ വിദേശ നാണ്യം ലഭിക്കുന്നതായിട്ടാണ് കേന്ദ്ര ഗവൺമെന്റിന്റെ കണക്കുകൾ വ്യക്തമാക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ വിദേശ മാർക്കറ്റിൽ ഒരു കിലോ തേയിലയ്ക്ക് 102.50 രൂപ വില ലഭിക്കുന്നുണ്ട്. അപ്പോൾ ആഭ്യന്തര മാർക്കറ്റിലും വിദേശ മാർക്കറ്റിലും തേയിലയുടെ വില ഇടിഞ്ഞിട്ടില്ല. പിന്നെ എന്തുകൊണ്ടാണ് വില ലഭിക്കാത്തത് ? ഉല്പാദനത്തിന്റെ ഒരു നിശ്ചിത ശതമാനം ലേലത്തിന് വയ്ക്കുകയും മത്സരാധിഷ്ഠിത സംവിധാനം ഉണ്ടാക്കണം എന്നുള്ളതുമാണ് ലേലത്തിന്റെ വ്യവസ്ഥ. എന്നാൽ ലേലഹാളിന് പുറത്ത് കയറ്റുമതിക്കാരും ലേലം കൊള്ളാൻ വരുന്ന വടക്കേ ഇൻഡ്യാക്കാരും തമ്മിലുള്ള ഒത്തുകളിയുടെ ഭാഗമായിട്ടാണ് ഈ കൊള്ള നടക്കുന്നത്. യഥാർത്ഥത്തിൽ ലേലഹാളിൽ മത്സരം നടക്കുന്നില്ല. ഈ സാഹചര്യത്തിൽ ഗവൺമെന്റ് ഈ കാര്യത്തിൽ അതിശക്തമായി ഇടപെടേണ്ടതായിട്ടുണ്ട്. മാത്രമല്ല, ഗവൺമെന്റിന് തേയില വ്യവസായത്തെ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള ഒരു നയം ഇല്ലാതിരിക്കുന്നത് അങ്ങേയറ്റം നിഷേധാത്മകമാണെന്ന് പറയാതിരിക്കാൻ കഴിയില്ല. കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. കല്യാൺ ജോഷിയുടെ നേതൃത്വത്തിൽ നേരത്തെ ഒരു സംഘം ഇവിടെ വരുകയുണ്ടായി. അവർ മൂന്നാറും പീരുമേടും പരിശോധിച്ചതിനുശേഷം തിരുവനന്തപുരത്ത് ഒരു സിറ്റിംഗ് വച്ചു. വകുപ്പുമന്ത്രിയും സെക്രട്ടറി നിലവാരത്തിലുള്ളവരുമാണ് യോഗത്തിൽ പങ്കെടുക്കേണ്ടത്. എന്നാൽ കേരളാ ഗവൺമെന്റിനെ പ്രതിനിധീകരിച്ച് ഒരു അഡീഷണൽ സെക്രട്ടറി മാത്രമാണ് പങ്കെടുത്തത്. ഗവൺമെന്റിന് ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെങ്കിലും ഉദ്ദേശമുണ്ടോ എന്ന് ചോദിച്ചപ്പോൾ 'എന്നോട് ഇവിടെ വന്നിരുന്ന് ഈ കാര്യത്തെ സംബന്ധിച്ച് കേട്ടിട്ടു വരാൻ മാത്രമാണ് പറഞ്ഞിരിക്കുന്നത്' എന്നാണ് അദ്ദേഹം പറഞ്ഞത്. തമിഴ്നാടിലൊക്കെ തേയില റേഷൻകടകൾവഴി വിൽക്കുകയാണ്. ഇവിടെ സിവിൽസപ്ലൈസ് കോർപ്പറേഷൻ വഴി കുറച്ചു വിൽക്കുന്നുണ്ട്. ആസാം തേയിലയാണ് കൂടുതൽ വിൽക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തേയില ഇവിടെ പൂർണ്ണമായി വിൽക്കാൻ കഴിയണം. മറ്റൊരു പ്രധാനപ്പെട്ട കാര്യം ഇലക്ട്രിസിറ്റി ചാർജ് കുറച്ചു കൊടുക്കുകയും നികുതി ഇളവ് ചെയ്തു കൊടുക്കുകയും ലേലത്തിൽ ഗവൺമെന്റ് ഇടപെടുകയും ചെയ്യണം. അല്ലെങ്കിൽ സൊസൈറ്റികൾ രൂപീകരിച്ച് തൊഴിലാളികളെ ഏൽപ്പിക്കുക. ഇതിൽ ഏതെങ്കിലും നിർദ്ദേശം ഗവൺമെന്റ് സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ. തോട്ടം മേഖലയിലെ പൊതുവായ ചില പ്രശ്നങ്ങളാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത്. അദ്ദേഹം തന്നെ നോട്ടീസിൽ പ്രധാനമായി പറഞ്ഞിരിക്കുന്നത് പൂട്ടിക്കിടക്കുന്ന തേയിലത്തോട്ടങ്ങളിലെ തൊഴിലാളികളുടെ പ്രശ്നങ്ങളുമാണ്. അതുകൊണ്ട് അദ്ദേഹം പറഞ്ഞ ചില കാര്യങ്ങളിൽ ഗവൺമെന്റ് അഭിപ്രായം പറയാതിരിക്കുന്നത് ശരിയല്ല. അവിടെ ഏതോ ഒരു കമ്മിറ്റിയിൽ ഗവൺമെന്റിന്റെ പ്രതിനിധികൾ പങ്കെടുത്തില്ല എന്ന് അദ്ദേഹം പറഞ്ഞത് ശരിയല്ല. പാർലമെന്റിന്റെ ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗമായി അവിടെ ഉദ്യോഗസ്ഥൻമാർ വിസിറ്റ് നടത്തിയതാണ്. തെളിവു കൊടുക്കണമെന്ന് ആരെയും അറിയിച്ചിട്ടല്ല കമ്മിറ്റി അവിടെ വന്നത്. ആ കമ്മിറ്റി മൂന്നാറിൽ വന്ന് ഒരു സിറ്റിംഗ് കഴിഞ്ഞ് പോയി. സംസ്ഥാനത്തെ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും അതിൽ പങ്കെടുത്തിരുന്നു. അതുമാത്രമല്ല. അങ്ങനെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളിൽ മന്ത്രിമാർ പങ്കെടുക്കാറില്ല എന്നുള്ളതും ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതാണ്. പാർലമെന്റിന്റെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മുമ്പിൽ മന്ത്രിമാർ പോയി തെളിവ് കൊടുക്കാറില്ല. അതുകൊണ്ട് മന്ത്രിമാർ പോകേണ്ട ആവശ്യമില്ല. അതും ചൂണ്ടിക്കാണിച്ചതുകൊണ്ട് ഞാൻ പറഞ്ഞതാണ്.

തോട്ടം മേഖലയിൽ ഇരുപതോളം തോട്ടങ്ങൾ അടഞ്ഞുകിടക്കുന്നു. തേയിലയുടെ വിലയെ സംബന്ധിച്ച പ്രതിസന്ധിയൊക്കെ നമ്മുടെ സംസ്ഥാനത്തു മാത്രമായി ഒതുങ്ങുന്ന കാര്യമല്ല. അന്തർദ്ദേശീയ രംഗത്തെ വിലനിലവാരം അനുസരിച്ചാണ് തേയിലയുടെ വില കേരളത്തിൽ നിശ്ചയിക്കപ്പെടുന്നത്. ഒരു പ്രത്യേകത ഞാൻ ചൂണ്ടിക്കാണിക്കുകയാണ് ഇപ്പോൾ കേരളത്തിൽ പീരുമേട് മേഖലയിൽ മാത്രമാണ് തോട്ടങ്ങൾ അടഞ്ഞുകിടക്കുന്നത്. അത് വളരെ ഗൗരവമായി കാണണം. അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ ഒരു തോട്ടവും അടച്ചിട്ടില്ല. ഈ വിലയും ഈ പ്രശ്നങ്ങളും അവിടെയുമുണ്ട്. കർണ്ണാടകത്തിൽ അടച്ചിട്ടില്ല, വടക്കേ ഇൻഡ്യയിലെ ഒരു തോട്ടവും അടച്ചിട്ടില്ല. ഇതാണ് നമ്മൾ വളരെ ഗൗരവമായി കാണേണ്ടത്. പീരുമേട്ടിലെ ഏതാനും തോട്ടങ്ങൾ മാത്രമാണ് അടഞ്ഞുകിടക്കുന്നത്. അത് ഈ പ്രതിസന്ധികൊണ്ടു മാത്രം വന്നതുമല്ല. അവിടത്തെ ആർ.ബി.ടി.-യും നാലഞ്ച് വർഷമായി അടഞ്ഞുകിടക്കുകയാണ്. ഏതാണ്ട് എട്ട് തോട്ടങ്ങൾ മൂന്നുനാല് വർഷമായി പല കാരണങ്ങൾ കൊണ്ട് പ്രവർത്തനരഹിതമാണ്. ഈ പ്രതിസന്ധിയുടെ മാത്രം കാരണം കൊണ്ടല്ല. മാനേജ്മെന്റിന്റെ പ്രശ്നങ്ങൾ കൊണ്ടും അടഞ്ഞുകിടക്കുന്നു. ബോണക്കാട് ഒരു പ്രശ്നം അതാണ്, തേയിലയുടെ വിലയിടിവ് മാത്രമല്ല, അവിടത്തെ മാനേജ്മെന്റിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങളും ഉണ്ട്. പീരുമേട്ടിൽ തോട്ടം പൂട്ടിയതുമൂലം കഷ്ടപ്പെടുന്ന

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളെ സഹായിക്കാൻ ഗവൺമെന്റിന്റെ പരിമിതിയിൽ നിന്നുകൊണ്ട് ചെയ്യാവുന്ന എല്ലാ സംഗതികളും ചെയ്യുന്നുണ്ട്. ഞാൻ അതുമാത്രമാണ് ഇവിടെ പ്രതിപാദിക്കുന്നത്. അവർക്ക് കുടിവെള്ളം എത്തിക്കുന്നതിനും. ചികിൽസാ സൗകര്യം ഏർപ്പെടുത്തുന്നതിനും. സൗജന്യറേഷൻ നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുമ്പ് ഒരിക്കലും ചെയ്തിട്ടില്ലാത്ത നിലയിൽ ആഴ്ചയിൽ 10 കിലോ അരി വീതം ഒരു തൊഴിലാളിക്ക് നൽകിക്കൊണ്ടിരിക്കുകയാണ്. അത് തുടർന്നും ഓണംവരെ നൽകാനുള്ള നടപടികൾ ഇപ്പോൾതന്നെ പൂർത്തിയായിട്ടുണ്ട്. കൂടാതെ അവിടത്തെ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് യൂണിഫോമും. ഫീസും മറ്റ് സൗകര്യങ്ങളും ഗവൺമെന്റിന്റെ നേതൃത്വത്തിൽ തന്നെ ഒരുക്കിക്കൊടുക്കുന്നതിനുള്ള സംവിധാനങ്ങൾ ചെയ്തിട്ടുണ്ട്. പുറത്തുപോയി പഠിക്കുന്ന കുട്ടികൾക്ക് സാധാരണ വർഷാവസാനമൊക്കെ നൽകിക്കൊണ്ടിരുന്ന പല ആനുകൂല്യങ്ങളും ലേബർ വെൽഫെയർ ഫണ്ടിൽ നിന്ന് സ്കൂൾ തുറക്കുന്ന ഈ മാസത്തിൽതന്നെ കൊടുക്കുന്നതിനുള്ള സംവിധാനമാണ് ചെയ്തിട്ടുള്ളത്. 150 ഓളം മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിലെ ടീമുകൾ അടക്കം വിവിധ ടീമുകളുടെ ക്യാമ്പുകൾ സംഘടിപ്പിച്ച് ആവശ്യമായ വൈദ്യസഹായം എത്തിക്കുന്നുണ്ട്. എല്ലാ സൗകര്യങ്ങളോടും കൂടിയ മൊബൈൽ ഹോസ്പിറ്റൽ യൂണിറ്റ് പീരുമേട്ടിൽ മാത്രമായി കൊടുത്ത് ആവശ്യമായ മരുന്നുകളും മറ്റുമൊക്കെ അതിൽനിന്നും വിതരണം ചെയ്യുന്നതിനുള്ള സൗകര്യം ചെയ്തിട്ടുണ്ട്. കുടിവെള്ളവും ഇലക്ട്രിസിറ്റിയും എത്തിക്കുന്നതിന് അവിടത്തെ ലയങ്ങളിൽ ആവശ്യമായ ക്രമീകരണങ്ങൾ വാട്ടർ അതോറിറ്റിയും. ഇലക്ട്രിസിറ്റി ബോർഡും ചെയ്തുവരികയാണ്. വൈദ്യുതിയുടെ കാര്യത്തിൽ ചില പ്രശ്നങ്ങളുണ്ട്. ഈ എസ്റ്റേറ്റിൽ മൊത്തം വൈദ്യുതി വിച്ഛേദിച്ചിരിക്കുമ്പോൾ ലയങ്ങളിൽ മാത്രമായി പുനഃസ്ഥാപിക്കുന്നതിന് വേറെ ചെലവുവരും. അത് ആര് വഹിക്കും. ഇതൊക്കെ പ്രശ്നമാണ്. ഇതൊക്കെ ഓരോന്നോരോന്നായി സോർട്ട് ഔട്ട് ചെയ്യാൻ ശ്രമിക്കുകയാണ്. അതിനെല്ലാം ഉപരിയായി പ്ലാന്റേഷൻ സ്റ്റാന്റിംഗ് കമ്മിറ്റി പ്ലാന്റേഷൻ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബന്ധപ്പെട്ട നാലഞ്ച് വകുപ്പുകളുടെ മന്ത്രിമാരും അടങ്ങുന്ന പ്ലാന്റേഷൻ സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിച്ച് അതിന്റെ ആദ്യത്തെ യോഗത്തിൽ വളരെ വിശദമായി ഈ മേഖലയുമായി ബന്ധപ്പെട്ട എല്ലാവരെയും പങ്കെടുപ്പിച്ചുകൊണ്ട് ചില തീരുമാനങ്ങൾ എടുത്തു. തേയിലത്തോട്ടങ്ങളുടെ പ്ലാന്റേഷൻ ടാക്സ് ഒരു വർഷത്തേക്ക് ഒഴിവാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇനിയും പല കൺസഷൻസും അവർ ആവശ്യപ്പെടുന്നു എന്ന് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ഇലക്ട്രിസിറ്റിയെ സംബന്ധിച്ചാണ്. ഇലക്ട്രിസിറ്റിയെ സംബന്ധിച്ച് ഇപ്പോൾ ഒരു തീരുമാനം എടുക്കാൻ ഗവൺമെന്റിന് മാത്രമായി കഴിയില്ല. റഗുലേറ്ററി കമ്മീഷനു മാത്രമേ ഇക്കാര്യത്തിൽ അന്തിമമായി ഒരു തീരുമാനം എടുക്കാൻ കഴിയൂ. ആ പ്രശ്നം റഗുലേറ്ററി കമ്മീഷനു മുമ്പിൽ ചർച്ചയ്ക്കിരിക്കുകയാണ്. അടഞ്ഞുകിടക്കുന്ന ഓരോ തോട്ടത്തിനും പൊതുവായ ചില പ്രശ്നങ്ങൾ മാത്രമല്ല, പ്രത്യേകമായി ചില പ്രശ്നങ്ങൾ ഉണ്ട്. അത് ഓരോന്നായി ചർച്ച ചെയ്യുകയാണ്. കഴിഞ്ഞ ഒരാഴ്ചയായി എട്ടുപത്ത് തോട്ടങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

ഉടമകളുമായി ചർച്ച നടത്തി. ഒന്നുരണ്ട് തോട്ടങ്ങൾ തുറക്കുന്നതിനുള്ള ചില ക്രമീകരണങ്ങൾ നടത്തി. ചില തോട്ടം ഉടമകൾ തുറന്നു പ്രവർത്തിക്കാമെന്ന് സമ്മതിച്ചു മുന്നോട്ട് വന്നിട്ടുണ്ട്. അവരും ചില കൺസഷൻ ചോദിക്കുന്നുണ്ട്. ഇവർക്ക് ഒരുപാട് സ്റ്റാറ്റ്യൂട്ടറി ഡ്യൂസ് ഉണ്ട്. പ്ലാന്റേഷൻ മേഖലയിലെ ടാക്സിന്റെ ഡ്യൂസ്, ഇലക്ട്രിസിറ്റി ഡ്യൂസ്, പി.എഫ്. ന്റെയും, ഇ.എസ്.ഐ.-യുടെയും അരിയേഴ്സ് ഇതെല്ലാംകൂടി ഒരുമിച്ച് അടച്ചുതീർത്തിട്ട് ഈ സ്ഥാപനങ്ങൾ തുറക്കുക എന്നുപറയുന്നത് പ്രായോഗികമായി ചില ബുദ്ധിമുട്ടുകളുണ്ട്. അതൊക്കെ ഗവൺമെന്റുമായും ബന്ധപ്പെട്ട ഏജൻസികളുമായും ടേക്ക് അപ്പ് ചെയ്ത് ചർച്ച ചെയ്ത് ഓരോരോ തോട്ടങ്ങളായി തുറക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുകയാണ്. പീരുമേട്ടിൽ മാത്രം തോട്ടങ്ങൾ അടഞ്ഞുകിടക്കുന്നത് ചൂണ്ടിക്കാണിക്കപ്പെടുന്ന ചില പ്രശ്നങ്ങളുണ്ട്. രണ്ട് കിലോ പ്രൊഡക്ടിവിറ്റി വർദ്ധിപ്പിച്ചതുസംബന്ധിച്ച് ഇവിടെ അങ്ങ് ചൂണ്ടിക്കാണിച്ചു. ഈ തോട്ടങ്ങൾക്കടുത്ത് കിടക്കുന്ന തമിഴ്നാട്ടിലെ തോട്ടങ്ങളിൽ ആയാലും, കർണ്ണാടകത്തിലെയും, ആന്ധ്രയിലെയും തോട്ടങ്ങളിലായാലും പ്രൊഡക്ടിവിറ്റിയുടെ കാര്യത്തിൽ നമ്മൾ വളരെ പിറകിലാണ് എന്നതാണ് കണക്കുകൾ ചൂണ്ടിക്കാണിക്കുന്നത്. അത് പരിശോധിക്കപ്പെടേണ്ട കാര്യമാണ്. ഒരു പ്രതിസന്ധി ഘട്ടത്തിൽ തൊഴിലാളികളുടെ ഭാഗത്തുനിന്നും, ഗവൺമെന്റിന്റെ ഭാഗത്തുനിന്നും, തൊഴിൽ ഉടമകളുടെ ഭാഗത്തുനിന്നും, എസ്റ്റേറ്റ് ഉടമകളുടെ ഭാഗത്തുനിന്നും കൂട്ടായ ഒരു പരിശ്രമം ഉണ്ടെങ്കിൽ മാത്രമേ ഈ പ്രതിസന്ധി തരണം ചെയ്യാൻ കഴിയൂ. അതിന് എല്ലാവരുടെയും പങ്കാളിത്തം ഉണ്ടാകണം എന്നുമാത്രമാണ് എനിക്ക് പറയാനുള്ളത്. അതിനുള്ള ശ്രമങ്ങൾ ഗവൺമെന്റ് ആത്മാർത്ഥമായി സ്വീകരിച്ച് വരുന്നു.

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, ഞാൻ ഗവൺമെന്റിന്റെ പ്രതിനിധികൾ പങ്കെടുത്തില്ല എന്നുപറഞ്ഞത് ശ്രീ. കല്യാൺ ജോഷി ചെയർമാനായിട്ടുള്ള കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യമാണ്. അങ്ങ് ഇവിടെ പറഞ്ഞത് Sen Gupta Committee-യുടെ കാര്യമാണ്. പീരുമേട്ടിൽ പ്രതിസന്ധിയുണ്ടെന്ന് അങ്ങ് അംഗീകരിക്കുകയുണ്ടായി. ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് ഈ പറഞ്ഞ നിർദ്ദേശങ്ങൾ ഒന്നും അംഗീകരിക്കാൻ കഴിയില്ല എങ്കിൽ ഗവൺമെന്റ് സഹായത്തോടുകൂടി ഒരു സൊസൈറ്റി രൂപീകരിച്ച് ഇത് അവരെ ഏൽപ്പിക്കുവാൻ തയ്യാറാകുമോ? ഇക്കാര്യം എല്ലാ യൂണിയനുകളും ആവശ്യപ്പെട്ടിട്ടുള്ളതാണ്

ശ്രീ. ബാബു ദിവാകരൻ: സർ, ടാറ്റാ പോലുള്ള വലിയ കമ്പനികൾ നോക്കിയിട്ട് ഈ വ്യവസായം നടത്തിക്കൊണ്ടു പോകുവാൻ കഴിയില്ല. വർക്കേഴ്സിന്റെ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഉണ്ടാക്കിയിട്ട് ഈ വ്യവസായം നടത്തിക്കൊണ്ട് പോകാൻ പ്രായോഗികമായി കഴിയുമെന്ന് തോന്നുന്നില്ല. അതാണ് അക്കാര്യത്തിൽ ഗവൺമെന്റിന് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly